ശ്രീ. അബ്ദുൽ മജീദ്: കൊച്ചിയിൽ ഒരു ഓന്താശുപത്രിയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: വിളവങ്കോട് താലൂക്കിൽ ഒരു ഡിസ്പെൻസറി വളരെ ആവശ്യമാണെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അവിടെ ഡിസ്പെൻസറി ആവശ്യമാണ്. അതിലേക്ക് അവിടെ ജനങ്ങൾ ഒരു കൊട്ടിടം കെട്ടിത്തരുന്നപക്ഷം ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. വി. ഗംഗാധരൻനായർ: കൊല്ലത്ത് ഒരു എക്സ്റേ സ്ഥാപിക്കുന്നതിനുള്ള ആലോചന ഏതുപ്രകാരത്തിലിരിക്കുന്നു?

ശ്രീ. എ. ജെ. ജോൺ: അതിലേക്ക് ആവശ്യമായ നടപടികൾ നടന്നുവരുന്നു.

ലാൻഡ് കമ്മിറ്റി

*൩൪൦. (൨൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എന്നാണ് ലാൻഡുകമ്മിറ്റി സംഘടിപ്പിച്ചത്;

(ബി) നാളിതുവരെ എത്തെല്ലാം സ്ഥലങ്ങളിൽ എത്ര കമ്മിറ്റിയോഗങ്ങൾ ചേർന്നിട്ടുണ്ട്;

(സി) അംഗങ്ങളുടെ സഞ്ചാരച്ചെലവടക്കം ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് എത്ര സംഖ്യ ചിലവായിട്ടുണ്ട്;

(ഡി) ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചു കഴിഞ്ഞോ;

(ഇ) ഒരു വ്യക്തിയുടെ ഉടമയിൽ പരമാവധി എത്ര ഏക്കർ സ്ഥലം ഉണ്ടായിരിക്കാമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്;

(എഫ്) ഈ റിപ്പോർട്ട് എന്നാണ് നിയമസഭയുടെ ചർച്ചയ്ക്കു വിധേയമാക്കുവാൻ പോകുന്നത്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി: (ശ്രീ. എ. ജെ. ജോൺ):

(എ) ലാൻഡ് കമ്മിറ്റി സംഘടിപ്പിച്ചത് ഫർദർ സെപ്റ്റംബർ ൨൯—൩൦-.

(ബി) നാളിതുവരെ തിരുവനന്തപുരത്ത് മൂന്ന്, എറണാകുളത്ത് പതിനൊന്ന്, തൃശ്ശൂർ നാല്. കൂടാതെ വാഗ്മുലമായ തെളിവുകൾ രേഖപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായും കൂടിയിട്ടുണ്ട്. ആ സ്ഥലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) കമ്മിറ്റിയുടെ പ്രവർത്തനത്തിനായി പതിനേഴായിരത്തി ഒരുനൂറ്റി അമ്പത്തഞ്ചു രൂപാ ചെലവായിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇപ്പോൾ പറയാൻ നിവർത്തിയില്ല.

List referred to in answer to Part (b)

Places visited by the Land Committee for recording oral evidence

1.	3	days in	Trichur
2.	2	,,	Alwaye

LIBRARY ARCHIVES Kerala Legislative Assembly

LIST—(*contd.*)

3.	1	days in	Irinjalakuda
4.	1	,,	Wadakkanchery
5.	1½	day in	Chittur
6.	½	day	Nemmara
7.	2	days in	Moovattupuzha
8.	2	,,	Munnar
9.	2	,,	Kottayam
10.	1	day in	Palai
11.	1	,,	Kanjirapally
12.	1	,,	Ernakulam
13.	1	,,	Narakkal
14.	1	,,	Parur
15.	1	,,	Shertallai
16.	1	,,	Alleppey
17.	1	,,	Pulincunnoo
18.	1	,,	Haripad
19.	1	,,	Kayamcolam
20.	1	,,	Quilon
21.	1	,,	Adur
22.	1	,,	Thiruvella
23.	1	,,	Pathanamthitta
24.	1	,,	Punalur
25.	2	days in	Shencottah
26.	1	day in	Trivandrum
27.	1	,,	Nedumangad
28.	1	,,	Attingal
29.	1	,,	Neyyanttinkara
30.	1	,,	Kuzhithura
31.	1	,,	Thuckalai
32.	1	,,	Nagercoil and
33.	1	,,	Cape Comorin

OFFICERS OF STATE FORCES

*641. **[23] Sri. K. Ramachandran:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether allcommissioned officers of the State Forces will be absorbed by the Central Government; and

(*b*) whether any retrenchment is likely to be effected in the rank and file of the State Forces?

പ്രധാനമന്ത്രി (ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉവ്വ്.

ശ്രീ. കെ. രാമചന്ദ്രൻ: പിരിച്ചുവിടപ്പെട്ട വല്ല ഉദ്യോഗസ്ഥന്മാരെയും വീണ്ടും മറ്റ ഡിപ്പാർട്ടുമെണ്ടിലേക്ക് എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എടുത്തിട്ടുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: അതിൽ ചീഫ് മിനിസ്റ്റരുടെ ബന്ധുക്കളായി ആരെയെങ്കിലും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly